# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1338 — 03.12.2015 ൽ മറുപടിയ്ക്ക്

### സിവിൽ സപ്ലൈസിന്റെ വില്പന കേന്ദ്രങ്ങൾ

**ചോദ്യം**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാഭകരമല്ലാത്തതായി പ്രവർത്തിക്കുന്ന സിവിൽ സപ്ലൈസിന്റെ എത്ര ചില്ലറ വില്പന കേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇത്തരത്തിൽ കണ്ടെത്തിയിട്ടുള്ളവയിൽ എത്രയെണ്ണത്തിന്റെ പ്രവർത്തനം നിർത്തിയിട്ടുണ്ട്;

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) യും (ബി) യും സപ്ലൈകോ പ്രവർത്തനം ആരംഭിച്ചത് പൊതു വിപണിയിൽ സജീവമായി ഇടപെട്ട് അവശ്യഭക്ഷ്യ വസ്തുക്കൾ ന്യായവിലയ്ക്ക് ആവശ്യത്തിന് പൊതുജനങ്ങൾക്ക് എത്തിക്കുന്നതിനും അതുവഴി പൊതു വിപണിയിലെ അവശ്യ സാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിച്ച് പൊതുജനങ്ങൾക്ക് ആശ്വാസമേകണം എന്ന ഉദ്ദേശത്തോടെയാണ്. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ 13 ഇനം അവശ്യ ഭക്ഷ്യ വസ്തുക്കൾ പൊതുവിപണി വിലയേക്കാൾ 20% മുതൽ 60% വില കുറച്ച് സപ്ലൈകോ വിൽപ്പന ശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. മാത്രവുമല്ല സപ്ലൈകോയുടെ ഭൂരിപക്ഷം മാവേലി സ്റ്റോറുകളും പ്രവർത്തിക്കുന്നത് കേരളത്തിന്റെ പിന്നോക്ക പ്രദേശങ്ങളിലാണ്. സപ്ലൈകോയുടെ ചില്ലറ വിൽപ്പന ശാലകളായ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ, ഹൈപ്പർ മാർക്കറ്റുകൾ എന്നിവയിൽ ഒന്നും തന്നെ ലാഭകരമല്ല എന്ന കാരണത്താൽ നിർത്തലാക്കിയിട്ടില്ല. 2015 ഒക്ടോബർ മാസത്തെ കണക്ക് പ്രകാരം ലാഭകരമല്ലാത്ത 31 മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 8 മെഡിക്കൽ സ്റ്റോറുകൾ ലാഭകരമല്ലാത്തതിനാൽ പ്രവർത്തനം നിർത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | വടകര | 2011 ജൂൺ |
| 2 | ഉപ്പുതറ | 2011 ജൂലൈ |
| 3 | ഗാന്ധിനഗർ | 2012 ജനുവരി |
| 4 | പുനലൂർ | 2012 മാർച്ച് |
| 5 | പെരിന്തൽമണ്ണ | 2013 ഫെബ്രുവരി |
| 6 | കറവിലങ്ങാട് | 2013 മെയ് |
| 7 | നെടുമങ്ങാട് | 2013 ഒക്ടോബർ |
| 8 | അണക്കര | 2014 ഡിസംബർ |

കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 18 പുതിയ മെഡിക്കൽ മാവേലി സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ചില്ലറ വില്പന കേന്ദ്രങ്ങളുടെ വില്പന വരുമാനം ഗണ്യമായി കുറയാനിടയായിട്ടുള്ള സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) | ചില്ലറ വില്പന കേന്ദ്രങ്ങളുടെ വില്പന വരുമാനം ഗണ്യമായി കുറഞ്ഞിട്ടില്ല. |
| (ഡി) | അവശ്യസാധന കമ്പോളത്തിൽ സിവിൽ സപ്ലൈസിന്റെ വിഹിതം എത്രയായിരുന്നുവെന്നും കഴിഞ്ഞ ഒരു വർഷമായി അതിൽ എത്ര കുറവുണ്ടായി എന്നും കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | സപ്ലൈകോയുടെ വിപണി വിഹിതം കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ